## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1496** **13.07.2011 ൽ മറുപടിയ്ക്ക്**

### സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ

| ചോദ്യം<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | മറുപടി<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ബഹു.ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) ഈ പദ്ധതിയിൽ മുഖ്യമായും മൂന്നു ഘടകങ്ങൾ ഉൾപ്പെടുന്നു. ഒന്നാമതായി ജില്ലാ പഞ്ചായത്തുമായി ചേർന്ന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം, രണ്ടാമതായി ഗ്രാമപഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുമായി ചേർന്നുള്ള സമഗ്ര ഊർജ്ജാസൂത്രണ പദ്ധതി, മൂന്നാമതായി അക്ഷയ ഊർജ്ജ - ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾവിതരണം ചെയ്യുവാനുള്ള പദ്ധതി. |
| (ബി) വയനാട് ജില്ലയിലെ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) വയനാട് ജില്ലയിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയുടെ ഭാഗമായി വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ കണക്കെടുപ്പ് പൂർത്തിയായി. ലഭിച്ച വിവരങ്ങളുടെ ക്രോഡീകരണം നടന്നു വരുന്നു. അക്ഷയ ഊർജ്ജ - ഊർജ്ജ സംരക്ഷണഉപകരണങ്ങളുടെ വിതരണം നടന്നുവരുന്നു. |
| (സി) പദ്ധതി പ്രകാരം വയനാട് ജില്ലയിലെ പഞ്ചായത്തുകൾക്ക് ലഭ്യമായ സേവനങ്ങളുടെയും ഉപകരണങ്ങളുടെയും വിശദാംശം നിയോജക മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ 150 ചൂടാറാപ്പെട്ടികൾ, വെങ്ങാപ്പള്ളി ഗ്രാമ പഞ്ചായത്തിൽ 120 ബയോമാസ് വുഡ്ബേർണിംഗ് ഗ്യാസിഫയർ ടൈപ്പ് അടുപ്പുകൾ, 160 ചൂടാറാപ്പെട്ടികൾ എന്നിവയും മാനന്തവാടി നിയോജക മണ്ഡലത്തിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ 100 ബയോമാസ് വുഡ്ബേർണിംഗ് ഗ്യാസിഫയർ ടൈപ്പ് അടുപ്പുകൾ, 90 ചൂടാറാപ്പെട്ടികൾ |

എന്നിവയും പനമരം ഗ്രാമപഞ്ചായത്തിൽ 157 ചൂടാറാപ്പെട്ടികളും, സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിൽ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിൽ 50 ബയോമാസ് വുഡ്ബേർണിംഗ് ഗ്യാസിഫയർ ടൈപ്പ് അടുപ്പുകൾ, 210 ചൂടാറാപ്പെട്ടികൾ എന്നിവയും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 34 ബയോമാസ് വുഡ് ബേർണിംഗ് ഗ്യാസിഫയർ ടൈപ്പ് അടുപ്പുകൾ, പൂതാടി ഗ്രാമപഞ്ചായത്തിൽ 575 ചൂടാറാപ്പെട്ടികളും വിതരണം ചെയ്യുകയുണ്ടായി.

സെക്ഷൻ ഓഫീസർ